30 ആഗസ്റ്റ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 011

# പ്രളയക്കെടുതിയിൽ കൈത്താങ്ങായി കുടുംബശ്രീ

**സംസ്ഥാനം നേരിട്ട മഹാപ്രളയത്തിൽ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമാണ് കുടുംബശ്രീ. അയൽക്കൂട്ട വനിതകളും കുടുംബശ്രീ ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്ന സേവന പ്രവർത്തനങ്ങൾ ദുരിത ബാധിത ജില്ലകളിലുണ്ടാക്കുന്ന മാറ്റങ്ങൾ ഏറെ ശ്രദ്ധേയമായിത്തീർന്നിരിക്കുന്നു. വിവിധ ജില്ലകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ....**

## ചെങ്ങന്നൂരിലെ ദുരിതബാധിത പ്രദേശങ്ങൾ വൃത്തിയാക്കാൻ കൊല്ലം ജില്ലയിൽ നിന്നും 1400 കുടുംബശ്രീ പ്രവർത്തകർ

ആലപ്പുഴ



ചെങ്ങന്നൂരിലെ ദുരിതബാധിത പ്രദേശങ്ങൾ വൃത്തിയാക്കാൻ കൊല്ലം ജില്ലയിൽ നിന്നും കുടുംബശ്രീ പ്രവർത്തകർ എത്തി. 1400 ഓളം കുടുംബശ്രീ പ്രവർത്തകരാണ് കൊല്ലത്തു നിന്നും ചെങ്ങന്നൂരിലെത്തിയത്. 5 പഞ്ചായത്ത് പ്രസിഡന്റുമാർ, 30 സിഡിഎസ് ചെയർപേഴ്സൺമാർ, അയൽക്കൂട്ട പ്രവർത്തകർ, കുടുംബശ്രീ ഉദ്യോഗസ്ഥർ അടക്കമുള്ളവർ 34 ബസ്സുകളിലായാണ് കൊല്ലത്തു നിന്നും ചെങ്ങന്നൂരിലെത്തിയത്. ചെങ്ങന്നൂർ നഗരസഭ, വെൺമണി പഞ്ചായത്ത്, ബുധനൂർ പഞ്ചായത്ത്, ആല പഞ്ചായത്ത്, പുല്ലൂർ പഞ്ചായത്ത്, ചെറിയനാട് പഞ്ചായത്ത്, തിരുവൻ മണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ പ്രളയ ബാധിതമായ വീടുകളാണ് ഇവർ വൃത്തിയാക്കുന്നത്. ബൂട്ട്സ്, ഗ്ലൗസ്, മാസ്ക്, കുടിവെള്ളം, ലഘു ഭക്ഷണം എന്നിവയടക്കം നൽകിയാണ് കൊല്ലത്ത് നിന്നുള്ള കുടുംബശ്രീ പ്രവർത്തകരെ രംഗത്തിറക്കിയിരിക്കുന്നത്.

ഇതോടൊപ്പം പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ട് ജീവിതങ്ങൾ തിരിച്ചുപിടിക്കാനൊരുങ്ങുന്നവർക്ക് മാനസിക പിന്തുണ നൽകി ഒപ്പം ചേർത്ത് നിർത്തുന്നതിനായി വീടുകളിലേയ്ക്കും ഇവർ സന്ദർശനം നടത്തുന്നുണ്ട്. വീടുകളിലെത്തി സംസാരിച്ച് ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുകയാണ് ഇവരുടെ ലക്ഷ്യം. അയൽ ജില്ലയിലെ കഷ്ടതയനുഭവിക്കുന്ന അനവധി ജനങ്ങൾക്ക് താങ്ങും തണലുമാവുകയാണ് കൊല്ലത്ത് നിന്നുള്ള കുടുംബശ്രീ പ്രവർത്തകർ!

## ആറന്മുളയിൽ ആയിരങ്ങളെ ഊട്ടാൻ കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കിച്ചൻ

പത്തനംതിട്ട

പ്രളയക്കെടുതിയിൽ താറുമാറായ പത്തനംതിട്ട ജില്ലയിലെ ആറൻമുള നിയോജക മണ്ഡലത്തിലെ ആയിരത്തിലേറെ കുടുംബങ്ങളിൽ വിതരണം ചെയ്യുന്നത് കുടുംബശ്രീയുടെ സ്നേഹത്തിന്റെ പൊതിച്ചോറ്. പ്രളയത്തെ തുടർന്ന് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞതിനു ശേഷം തിരികെ വീടുകളിലെത്തിയവർക്ക് കുടുംബശ്രീയുടെ കരുതലും സ്നേഹവും പൊതിച്ചോറായി എത്തിക്കുന്നത് കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കിച്ചൻ വഴിയാണ്. ഇതിൽ പങ്കാളിയാകാൻ ഇന്ന് എം.എൽ.എ വീണാ ജോർജും എത്തിയത് പ്രവർത്തകർക്ക് ആവേശം പകർന്നു.

സ്വന്തം വീട്ടിൽ ആഹാരം പാകം ചെയ്തു കഴിക്കാൻ പോലും കഴിയാതെ ബുദ്ധിമുട്ടുന്ന പ്രദേശവാസികളുടെ ദുരിതജീവിതം നേരിട്ടറിഞ്ഞ മണ്ഡലം എം.എൽ.എ വീണാ ജോർജിന്റെ അഭ്യർത്ഥന പ്രകാരമാണ് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണ വിതരണത്തിനുള്ള ദൗത്യം കുടുംബശ്രീ ഏറ്റെടുത്തത്. തുടർന്ന് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഭക്ഷണം പാകം ചെയ്യുന്നതിനായി അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളും സ്പോൺസർഷിപ്പ് വഴി കണ്ടെത്തുന്നത് ജില്ലാമിഷനാണ്. കുടുംബശ്രീയുടെ തന്നെ യുവശ്രീ ഗ്രൂപ്പായ അഭേദ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് റിസർച്ച് ആന്റ് മാനേജ്മെന്റിനു കീഴിലെ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ ഇലന്തൂരിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലാണ് വീടുകളിലേക്ക് വിതരണം ചെയ്യാനുള്ള ഭക്ഷണം പാചകം ചെയ്യുന്നത്. ഇവർക്കൊപ്പം ഇലന്തൂരിലെ നൂറോളം കുടുംബശ്രീ വനിതകളും ഒത്തുചേരുമ്പോൾ ആയിരത്തി മുന്നൂറോളം ഭക്ഷണപ്പൊതികൾ ദിവസവും രാവിലെ പന്ത്രണ്ട് മണിക്ക് മുമ്പായി വിതരണത്തിന് തയ്യാറാകും. ഓരോ കവറിലും പത്ത് വീതം ഭക്ഷണപ്പൊതികൾ വച്ചതിനു ശേഷം കളക്ട്രേറ്റിൽ നിന്നും എത്തുന്ന വാഹനങ്ങളിൽ ആറൻമുള, മല്ലപ്പുഴശേരി, തോട്ടപ്പുഴശേരി, കോയിപ്പുറം, ആറാട്ടുപുഴ പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുന്നതിനായി



കൊണ്ടുപോകുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. ചോറിനൊപ്പം സാമ്പാർ, തോരൻ, അച്ചാർ എന്നിവയാണ് കറികൾ. ഭക്ഷണ പൊതിക്കൊപ്പം കുടിവെള്ളവും നൽകുന്നുണ്ട്. കുടുംബശ്രീയുടെ തന്നെ സന്നദ്ധ പ്രവർത്തകരും മറ്റ് ഉദ്യോഗസ്ഥരും ചേർന്നാണ് ഭക്ഷണവുമായി പോകുന്നത്. ഈ മാസം 24 മുതൽ കമ്മ്യൂണിറ്റി കിച്ചൻ വഴി ദിവസവും പ്രദേശവാസികൾക്കും ദുരിതനിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കും ഉച്ചഭക്ഷണം വിതരണം ചെയ്യുന്നുണ്ട്. വീട്ടിൽ ഭക്ഷണം തയ്യാറാക്കാൻ സാധിക്കാതെ കഴിയുന്ന നൂറുകണക്കിനു കുടുംബങ്ങൾക്കാണ് കുടുംബശ്രീ ഉച്ചഭക്ഷണമൊരുക്കി ആശ്വാസമേകുന്നത്.

ഓഗസ്റ്റ് 15 മുതൽ 24 വരെ ദിവസവും അയ്യായിരത്തിലേറെ ഭക്ഷണപ്പൊതികൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ വഴി സമാഹരിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിരുന്നു. ഇതു കൂടാതെയാണ് കമ്മ്യൂണിറ്റി കിച്ചൻ വഴി ദിവസവും ആയിരത്തിലേറെ ആളുകൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത്. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സജിത്തിനാണ് കമ്മ്യൂണിറ്റി കിച്ചണിന്റെ മേൽനോട്ട ചുമതല.

## വിശ്രമം അറിയാത്ത പത്ത് ദിനങ്ങൾ, ഈ കുടുംബശ്രീ ചേച്ചിമാരോടിയെത്താത്ത ഇടമില്ല




ഓഗസ്റ്റ് 16ന് രാത്രിയിൽ അപ്രതീക്ഷിതമായെത്തിയ പ്രളയജലം തകർത്തെറിഞ്ഞ മനസ്സുകൾക്ക് എല്ലാവിധ ധൈര്യം പകർന്ന് തങ്ങളാലാകും വിധമുള്ള പ്രവർത്തനങ്ങളുമായി മുന്നേറുകയായാണ് മണർക്കാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസ്. കേരളമെമ്പാടുമുള്ള പല കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെയും (സിഡിഎസ്) നേർച്ചിത്രമാണ് കോട്ടയം ജില്ലയിലെ മണർക്കാട് സിഡിഎസ്. സജിമോൾ രാജുവെന്ന ചെയർപേഴ്സൺ നയിക്കുന്ന സിഡിഎസിലെ അംഗങ്ങളേവരും രാത്രിയെന്നോ പകലെന്നോ നോക്കാതെ രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ ക്യാമ്പിലെത്തിപ്പെട്ടവരുടെ ദൈനംദിന ജീവിതത്തിനുതകുന്ന സഹായങ്ങൾ ചെയ്തും പത്തിലേറെ ദിനങ്ങളിലായി പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അതൊന്നും കൂടാതെ ഇപ്പോൾ പുനരധിവാസ പ്രവർത്തനങ്ങൾക്ക് അവർ നേതൃത്വവും നൽകുന്നു.

16ന് രാത്രി വീടുകളിൽ പൊടുന്നനെ വെള്ളം കയറിയപ്പോൾ ഉടുതുണി മാത്രമായി ക്യാമ്പുകളിലേക്ക് പോകേണ്ടി വന്നവർക്കായി പിറ്റേന്ന് രാവിലെ മുതൽ ഭക്ഷണ പൊതി തയാറാക്കി നൽകുന്ന പ്രവർത്തനങ്ങളാണ് സജിമോളും സംഘവും ആദ്യം ചെയ്തത്. സിഡിഎസ് അംഗങ്ങളെയെല്ലാം വിവരം അറിയിച്ച് അവർ വഴി ബ്രെഡ്ഡും പഴവും ഇഡ്ഡലിയും ഉൾപ്പെടെയുള്ള ഭക്ഷണ സാമഗ്രികളടങ്ങിയ 1000 പൊതികൾ 24 ക്യാമ്പുകളിലേക്ക് നൽകി. പിന്നീട് ഉച്ചയ്ക്കും രാത്രിയിലേക്കുമുള്ള ഭക്ഷണം പതിവായി നൽകി തുടങ്ങി. അന്ന് മുതൽ തിരുവോണ ദിനം വരെ വിവിധ ക്യാമ്പുകളിൽ ഭക്ഷണം നൽകുന്ന പതിവ് തുടർന്നു. പഞ്ചായത്തിലെ എല്ലാ ദുരിതാശ്വാസ ക്യാമ്പുകളും ഇപ്പോൾ പ്രവർത്തനം അവസാനിപ്പിച്ചു. കണിയാകുന്ന് ഗവൺമെന്റ് എൽപി സ്കൂളിലെ ക്യാമ്പായിരുന്നു ഏറ്റവും ഒടുവിൽ പ്രവർത്തനം അവസാനിപ്പിച്ചത്. തിരുവോണദിനത്തിൽ സിഡിഎസിന്റെ നേതൃത്വത്തിൽ ഓണസദ്യ നൽകിയാണ് ക്യാമ്പ് പിരിച്ചുവിട്ടതെന്ന് തെല്ലൊരഭിമാനത്തോടെ പറയുന്നു സജിമോൾ.

ആദ്യ ദിവസത്തിന് ശേഷം ക്യാമ്പുകളിലേക്ക് വിവിധ ഭാഗങ്ങളിൽ നിന്ന് സഹായം എത്തി തുടങ്ങിയപ്പോൾ അത് അർഹരുടെ കൈകളിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചതും കുടുംബശ്രീ സംഘാംഗങ്ങൾ തന്നെയാണ്. മാറ്റിയുടുക്കാൻ തുണി വേണമെന്ന ആവശ്യത്തിൽ നിന്ന് പഞ്ചായത്തിൽ നിന്നാകെ തുണികൾ ശേഖരിക്കുയെന്ന ദൗത്യമാണ് സിജിമോളും സംഘവും പിന്നീട് ഏറ്റെടുത്തത്. പിന്നാലെ ആരോഗ്യ കാര്യങ്ങളിലും മറ്റും സജീവമായി ഇടപെട്ടു. അംഗങ്ങളോരുത്തർക്കും അരി വിതരണം ചെയ്താണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ ഇവർ അവസാനിപ്പിച്ചത്. ഇതിനിടെ 77700 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുകയും ചെയ്തു ഈ സിഡിഎസ്.

ദുരിതാശ്വാസ ക്യാമ്പിലെ പ്രവർത്തനങ്ങൾക്ക് ശേഷം അവിടെ നിന്ന് കുടുംബശ്രീയുടെ കോട്ടയം ജില്ലാ മിഷൻ നേതൃത്വം നൽകുന്ന ശുചീകരണ പ്രവർത്തനങ്ങൾക്കായി മണർക്കാട് നിന്നുള്ള ഈ സംഘം എത്തി. തങ്ങളുടെ പഞ്ചായത്തിലെ പ്രളയബാധിതകർക്ക് വീട്ടാവശ്യങ്ങൾക്കായുള്ള അലുമിനിയം പാത്രങ്ങൾ വാങ്ങി നൽകാനും ഇവർ ലക്ഷ്യമിടുന്നു.

അഗതിരഹിത കേരളം

07

# പദ്ധതി രൂപീകരണം: നാൾ വഴികളിലൂടെ .....

അഗതി രഹിത കേരളം പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് അയൽക്കൂട്ടങ്ങളിലാണ്. ഗുണഭോക്താക്കളെ അയൽക്കൂട്ടങ്ങളുടെ പിന്തുണയോടെ ഓരോ വാർഡിലെയും എ.ഡി.എസ്സ് കണ്ടെത്തുകയും ഇപ്രകാരം തയ്യാറാക്കിയ പട്ടിക സി.ഡി.എസ്സ് ചെയർപേഴ്സൺ തദ്ദേശ ഭരണ സ്ഥാപന അധികാരിക്ക് കൈമാറുകയും ചെയ്തിരുന്നു. ഈ പട്ടിക അടിസ്ഥാനപ്പെടുത്തി കുടുംബശ്രീ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ വഴി 6000 റിസോഴ്സ് പേഴ്സൺമാർ അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്താൻ 2.78 ലക്ഷം കുടുംബങ്ങളുടെ സർവ്വേ നടത്തി. അഗതിരഹിതകേരളം പദ്ധതിയുടെ മൊബൈൽ സർവ്വേ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തിയായി. വിവരശേഖരണം പൂർത്തിയാക്കി കരട് ലിസ്റ്റ് സിഡിഎസ് ചെയർപേഴ്സൺ പഞ്ചായത്ത് പ്രസിഡന്റിന് രേഖാമൂലം സമർപ്പിക്കുകയും 1033 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യ ഗുണഭോക്തൃ (കരട്) പട്ടിക പ്രസിദ്ധീകരിക്കുകയും അതിന്മേലുള്ള അപ്പീലുകൾ സ്വീകരിക്കുകയും ചെയ്തു. സ്വീകരിച്ച അപ്പീലുകൾ സി ഡി എസ് ചെയർപേഴ്സൺ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അവ തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, വിഇഒ/എച്ച്.ഐ എന്നിവർ പുന:പരിശോധന നടത്തുകയും ചെയ്തു വരുന്നു. നിലവിൽ 1005 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപ്പീൽ പുന:പരിശോധന പൂർത്തിയാക്കി. അന്തിമ കരട് പട്ടിക ഗ്രാമസഭകൾ അംഗീകരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപന കമ്മിറ്റി/ കൗൺസിൽ അംഗീകരിക്കുകയും വേണം.

850 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകൾ കൂടുകയും ഗ്രാമസഭയിൽ അന്തിമ പട്ടിക അംഗീകരിയ്ക്കുകയും ചെയ്തു. 806 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ പട്ടിക അംഗീകരിച്ചു. പദ്ധതി ഗുണഭോക്താക്കളുടെ ആരോഗ്യഘടകത്തിന്റെ മൂല്യം നിശ്ചയിക്കുന്നതിലേക്കായി ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ സി.ഡി.എസ് തല മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു. ഗുണഭോക്താവിന്റെ ആരോഗ്യ ഘടകം സാധൂകരിക്കേണ്ടത് മെഡിക്കൽ ഓഫീസറാണ്. അന്തിമ പട്ടിക തയ്യാറായ 745 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി സി.ഡി.എസ്. അഗതി രഹിത കേരളം പദ്ധതി ഓൺലൈൻ ആയി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക കൗൺസിൽ/കമ്മിറ്റി യോഗം ചേർന്ന് പദ്ധതിക്ക് അംഗീകാരം നൽകുകയും വേണം. നിലവിൽ മെഡിക്കൽ ക്യാമ്പ് കഴിഞ്ഞ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. 130 സ്ഥാപനങ്ങൾ സംസ്ഥാന മിഷനിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തയ്യാറാക്കുമ്പോൾ മുൻ ആശ്രയ പദ്ധതിയുടെ കാസ് ഓഡിറ്റ് നടത്തി ആ റിപ്പോർട്ടും പദ്ധതിയോടൊപ്പം സമർപ്പിയ്ക്കേണ്ടതാണ്.

പദ്ധതി അംഗീകാരത്തിന് കാലതാമസം ഉണ്ടാകുന്ന പക്ഷം അടിസ്ഥാന സൗകര്യ വികസനത്തിനായി ഉൾക്കൊള്ളിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം പദ്ധതിയുടെ 2/3 വർഷത്തിലേയ്ക്ക് ചേർത്തു നല്കാവുന്നതാണ്. ഇതിനായി നടപ്പ് വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതിയിൽ മാറ്റം വരുത്തേണ്ടതില്ല. ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതി ജില്ലാമിഷനിൽ സമർപ്പിക്കുമ്പോൾ ജില്ലാ തലത്തിൽ പദ്ധതിയുടെ സാങ്കേതിക പരിശോധന നടത്തുന്നതാണ്.

ജില്ലാ തലത്തിൽ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതും സാങ്കേതികമായ തകരാറുകൾ ഉള്ളപക്ഷം ആയത് തദ്ദേശ ഭരണ സ്ഥാപനതലത്തിൽ നൽകി പരിഹരിക്കേണ്ടതുമാണ്

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (ഡിഎംസി) പരിശോധിച്ച പദ്ധതി, ഡിഎംസിയുടെ ശുപാർശയോടെ സംസ്ഥാന മിഷനിൽ ഓൺലൈനായി സമർപ്പിക്കുകയും, പദ്ധതി രേഖ സംസ്ഥാന മിഷൻ പരിശോധിച്ച് അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം**

| | അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | പത്യേക ഗ്രാമസഭ കഴിഞ്ഞവ | ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | ആരോഗ്യ ക്യാമ്പ് നടത്തിയവ | പ്രോജക്ടുകൾ തയ്യാറായവ |
|---|---|---|---|---|---|
| തിരുവനന്തപുരം | 76 | 61 | 61 | 55 | 1 |
| കൊല്ലം | 70 | 55 | 37 | 32 | 0 |
| പത്തനംതിട്ട | 56 | 56 | 55 | 55 | 9 |
| ആലപ്പുഴ | 75 | 58 | 52 | 27 | 6 |
| കോട്ടയം | 76 | 68 | 68 | 61 | 2 |
| ഇടുക്കി | 52 | 32 | 26 | 22 | 9 |
| എറണാകുളം | 96 | 88 | 85 | 85 | 21 |
| തൃശൂർ | 89 | 84 | 76 | 61 | 4 |
| പാലക്കാട് | 92 | 64 | 37 | 74 | 2 |
| മലപ്പുറം | 98 | 92 | 92 | 81 | 14 |
| കോഴിക്കോട് | 78 | 45 | 70 | 45 | 6 |
| വയനാട് | 26 | 26 | 26 | 26 | 22 |
| കണ്ണൂർ | 81 | 81 | 81 | 81 | 32 |
| കാസർഗോഡ് | 40 | 40 | 40 | 40 | 2 |
| കേരളം | 1005 | 850 | 806 | 745 | 130 |

(അടുത്തലക്കം: അഗതിരഹിത കേരളം, അയൽക്കൂട്ടങ്ങളുടെ പ്രസക്തി
കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com)

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com